(സി) 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും കെ.എസ്. ഐ.ഡി.സി. തിരുവനന്തപുരം ഓഫീസും എറണാകുളം മേഖലാ ഓഫീസും എത്ര സ്കീമുകൾക്കു വീതം അനുമതി നൽകി;

(ഡി) എന്തു തുക വീതമുള്ള സ്കീമുകൾക്കാണ് പ്രസ്തുത ഓരോ വർഷവും തിരുവനന്തപുരം, എറണാകുളം ഓഫീസുകൾ അനുമതി നൽകിയിട്ടുള്ളത്;

(ഇ) കൊച്ചി മേഖലാ ഓഫീസിന്റേയും അവിടെയുള്ള ജനറൽ മാനേജരുടേയും അധികാരങ്ങൾ 1999-ൽ വെട്ടിക്കുറച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1996 മേയ് മാസത്തിൽ

(ബി) എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ.

(സി) 1997-98-ൽ തിരുവനന്തപുരം ഓഫീസിൽനിന്നും 24 സ്കീമുകൾക്കും, കൊച്ചി ഓഫീസിൽ നിന്നും 27 സ്കീമുകൾക്കും അനുമതി നൽകി. 1998-99 ൽ തിരുവനന്തപുരം ഓഫീസിൽനിന്നും 15 സ്കീമുകൾക്കും, കൊച്ചി ഓഫീസിൽനിന്നും 34 സ്കീമുകൾക്കും അനുമതി നൽകി.

(ഡി) 1997-98-ൽ തിരുവനന്തപുരം ഓഫീസിൽനിന്നും 122.34 കോടി രൂപയുടേയും കൊച്ചി ഓഫീസിൽനിന്നും 122.02 കോടി രൂപയുടേയും സ്കീമുകൾക്ക് അനുമതി നൽകി. 1998-99-ൽ തിരുവനന്തപുരം ഓഫീസിൽ നിന്നും 746.43 കോടി രൂപയുടേയും കൊച്ചി ഓഫീസിൽ നിന്ന് 301.57 കോടി രൂപയുടേയും സ്കീമുകൾക്ക് അനുമതി നൽകി. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ)&(എഫ്) ചില അധികാരങ്ങൾ 1999-ൽ വെട്ടിക്കുറച്ചുവെങ്കിലും അവ പിന്നീട് പുനഃസ്ഥാപിച്ചു.

19 (575) കെ.എസ്.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥന്മാരുടെ സ്വത്തുവിവര സ്റ്റേറ്റ്മെന്റ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥർ സ്വത്തുവിവര സ്റ്റേറ്റ്മെന്റ് നൽകണമെന്ന് അതിന്റെ മാനേജിംഗ് ഡയറക്ടർ ഉത്തരവിട്ടിരുന്നുവോ;

(ബി) എങ്കിൽ എത്രപേർ സ്വത്തുവിവര സ്റ്റേറ്റ്മെന്റ് നൽകാതെയുണ്ട്;

(സി) അവർ ആരെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരവിട്ടിരുന്നു.

(ബി) ആരുമില്ല

(സി) ചോദ്യം ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly